RCS/9273/2025-MT(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825

തീയതി: 19/08/2025

സർക്കുലർ നമ്പർ 26 /2025

വിഷയം: സഹകരണ വകുപ്പ്- സഹകരണ സംഘങ്ങളിലെ അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ നിയമനവും നടത്തിപ്പും സംബന്ധിച്ച്.

സൂചന:

1. സഹകരണ സംഘം രജിസ്ട്രാറുടെ 07/06/1971 ലെ 19/71 നമ്പർ സർക്കുലർ
2. സഹകരണ സംഘം രജിസ്ട്രാറുടെ 09/10/1971 ലെ 54/71 നമ്പർ സർക്കുലർ
3. സഹകരണ സംഘം രജിസ്ട്രാറുടെ 14/08/1972 ലെ 38/72 നമ്പർ സർക്കുലർ
4. സഹകരണ സംഘം രജിസ്ട്രാറുടെ 29/08/1973 ലെ 25/73 നമ്പർ സർക്കുലർ
5. സഹകരണ സംഘം രജിസ്ട്രാറുടെ 28/05/1975 ലെ 40/75 നമ്പർ സർക്കുലർ
6. സഹകരണ സംഘം രജിസ്ട്രാറുടെ 03/06/1976 ലെ 31/76 നമ്പർ സർക്കുലർ
7. സഹകരണ സംഘം രജിസ്ട്രാറുടെ 14/07/1979 ലെ 41/79 നമ്പർ സർക്കുലർ
8. സഹകരണ സംഘം രജിസ്ട്രാറുടെ 05/06/1980ലെ 41/80 നമ്പർ സർക്കുലർ
9. സഹകരണ സംഘം രജിസ്ട്രാറുടെ 49/80 നമ്പർ സർക്കുലർ
10. സഹകരണ സംഘം രജിസ്ട്രാറുടെ 04/05/1987 ലെ 15/87 നമ്പർ സർക്കുലർ

11. സഹകരണ സംഘം രജിസ്ട്രാറുടെ 24/01/1989 ലെ 04/89 നമ്പർ സർക്കുലർ
12. സഹകരണ സംഘം രജിസ്ട്രാറുടെ 05/04/1989 ലെ 20/89 നമ്പർ സർക്കുലർ
13. സഹകരണ സംഘം രജിസ്ട്രാറുടെ 24/10/1992 ലെ 40/92 നമ്പർ സർക്കുലർ
14. സഹകരണ സംഘം രജിസ്ട്രാറുടെ 26/03/1993 ലെ 19/93 നമ്പർ സർക്കുലർ
15. സഹകരണസംഘം രജിസ്ട്രാറുടെ 06/10/1993 ലെ 67/93 നമ്പർ സർക്കുലർ
16. സഹകരണ സംഘം രജിസ്ട്രാറുടെ 06/09/1997 ലെ 21/97 നമ്പർ സർക്കുലർ
17. സഹകരണ സംഘം രജിസ്ട്രാറുടെ 19/04/2001 ലെ 20/2001 നമ്പർ സർക്കുലർ
18. സഹകരണ സംഘം രജിസ്ട്രാറുടെ 16/04/2003 ലെ 21/2003 നമ്പർ സർക്കുലർ
19. സഹകരണസംഘം രജിസ്ട്രാറുടെ 25/06/2008 ലെ 35/08നമ്പർ സർക്കുലർ
20. സഹകരണസംഘം രജിസ്ട്രാറുടെ 04/07/2011 ലെ 47/2011 നമ്പർ സർക്കുലർ
21. സഹകരണ സംഘം രജിസ്ട്രാറുടെ 07/02/1992 ലെ 06/92 നമ്പർ സർക്കുലർ
22. സഹകരണ സംഘം രജിസ്ട്രാറുടെ 18/02/1993 ലെ 07/93 നമ്പർ സർക്കുലർ
23. സഹകരണ സംഘം രജിസ്ട്രാറുടെ 18/10/2002 ലെ 38/2002 നമ്പർ സർക്കുലർ
24. സഹകരണ സംഘം രജിസ്ട്രാറുടെ 27/04/2005 ലെ 12/2005 നമ്പർ സർക്കുലർ

<u>അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കേണ്ട സാഹചര്യങ്ങൾ:</u>

1. 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 32 പ്രകാരം രജിസ്ട്രാർക്ക് സ്വമേധയോ അല്ലെങ്കിൽ ടി നിയമപ്രകാരമുള്ള രജിസ്ട്രാറുടെ അധികാരങ്ങൾ നൽകിയിട്ടുള്ള ഉദ്യോഗസ്ഥൻ മുഖേനയോ നടത്തുന്ന അന്വേഷണം, പരിശോധന എന്നിവയുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ ധനസഹായബാങ്കിന്റെ റിപ്പോർട്ട്, സർക്കാർ വിജിലൻസ്, വിജിലൻസ് ആഫീസർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ ഒരു സംഘത്തിന്റെ ഭരണസമിതിയെ, ടി ഭരണ സമിതിക്ക് ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ അറിയിക്കുവാൻ അവസരം നൽകിയതിന് ശേഷം രേഖാമൂലമായ ഉത്തരവ് പ്രകാരം ടി ഭരണസമിതിയെ നീക്കം ചെയ്യാവുന്നതും സംഘത്തിന്റെ കാര്യനിർവ്വഹണത്തിനായി ഒരു അഡ്മിനിസ്ട്രേറ്റർ അല്ലെങ്കിൽ മൂന്ന് അംഗങ്ങളിൽ അധികരിക്കാത്തതും അതിൽ ഒരാൾ കൺവീനറുമായി ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ, നിയമിച്ച് കൊണ്ട് സംഘം ഭരണത്തിന് താത്കാലിക സംവിധാനമുണ്ടാക്കാവുന്നതാണ്.
2. ഇപ്രകാരം നിയമിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റർ ഭരണവകുപ്പിലെ ഇൻസ്പെക്ടർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനായിരിക്കേണ്ടതും, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലെ അംഗങ്ങൾ സംഘത്തിന്റെ "എ" ക്ലാസ്സ് അംഗങ്ങൾ ആയിരിക്കേണ്ടതുമാകുന്നു. എന്നാൽ ഒരു പ്രത്യേക ഉത്തരവിലൂടെ നിശ്ചിത ജോലിക്കായി നിയമിച്ചിട്ടുള്ള സ്പെഷ്യൽ സെയിൽ ഓഫീസർമാർ, വാല്യൂവേഷൻ ആഫീസർമാർ, ആഫീസ് സൂപ്രണ്ടുമാർ, മുഴുവൻ സമയം അഡ്മിനിസ്ട്രേറ്റർമാർ എന്നീ ഉദ്യോഗസ്ഥരെ അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തസ്തികയിൽ നിയമിക്കുവാൻ പാടില്ലാത്തതാകുന്നു.
3. തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയില്ലാത്ത സ്കൂൾ സഹകരണ സംഘങ്ങളിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ (പരമാവധി ആറ് മാസം) തെരഞ്ഞെടുപ്പ് നടത്തണമെന്ന വ്യവസ്ഥയിൽ ടി സ്കൂളിലെ പ്രധാന അദ്ധ്യാപകനെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററായോ, അല്ലാത്ത പക്ഷം പ്രധാന അദ്ധ്യാപകനെ

ഉൾപ്പെടുത്തി സഹകരണ നിയമം 33 (1) (ബി) അനുസരിച്ച് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെയോ നിയമിക്കാവുന്നതാണ്.

ജോലിയുടെ വ്യാപ്തിക്കനുസരിച്ച് മൂന്നിൽ കൂടുതൽ സംഘങ്ങളിൽ ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കുവാൻ പാടില്ലാത്തതാകുന്നു. ഒരു ഉദ്യോഗസ്ഥനെ മുഴുവൻ സമയം അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കപ്പെടുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്.

<u>അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി :</u>

4. അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ആറ് (6) മാസത്തിൽ കവിയാത്ത കാലത്തേക്ക് നിയമിക്കാവുന്നതാണ്. ഇപ്രകാരം പ്രസ്തുത കാലാവധിയ്ക്കുള്ളിൽ സംഘത്തിന്റെ ഉപനിബന്ധന പ്രകാരം തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതിയ്ക്ക് ഭരണനിർവ്വഹണം കൈമാറുവാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ ടി കാലാവധി ആറ് (6) മാസം അധികരിക്കാതെ വീണ്ടും ദീർഘിപ്പിക്കാവുന്നതാണ്. ഇപ്രകാരം അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി ആകെ ഒരു (1) വർഷത്തിൽ അധികരിക്കുവാൻ പാടില്ലാത്തതാകുന്നു.
5. 1969 ലെ കേരള സഹകരണ സംഘം നിയമം 33 (1A), 101 എന്നീ വകുപ്പുകൾ പ്രകാരം സർക്കാരിന് 'പൊതുതാല്പര്യം' കണക്കിലെടുത്ത് ഒരു സംഘത്തിൽ അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം കാരണങ്ങൾ രേഖപ്പെടുത്തി, പൊതുവായോ, പ്രത്യേകമായോ ഉള്ള ഉത്തരവിനാൽ ഏതെങ്കിലും സംഘത്തെയോ, അല്ലെങ്കിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട സംഘങ്ങളെയോ ഈ നിയമത്തിന്റെ ഏതെങ്കിലും വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കുകയോ, അല്ലെങ്കിൽ അപ്രകാരമുള്ള വ്യവസ്ഥകൾ അങ്ങനെയുള്ള സംഘത്തെയോ, അങ്ങനെയുള്ള വിഭാഗം സംഘങ്ങളെയോ, ഉത്തരവിൽ പ്രത്യേകം പറയാവുന്ന ഭേദഗതികൾക്ക് വിധേയമായി മാത്രമേ ബാധകമാവുകയുള്ളൂ എന്ന് നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്. ആയതിലേക്ക് അഡ്മിനിസ്ട്രേറ്ററുടെ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി അവസാനിക്കുന്നതിന് രണ്ട് മാസം

മുൻപ് തന്നെ നിശ്ചിത പ്രൊഫോർമയിൽ വിവരങ്ങൾ രേഖപ്പെടുത്തി വ്യക്തമായ കാരണം സഹിതം ടി കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള 'പൊതുതാല്പര്യം' എന്താണെന്ന് വ്യക്തമാക്കി അപേക്ഷ ശുപാർശ സഹിതം സഹകരണ സംഘം രജിസ്ട്രാർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

6. സർക്കാർ പുറപ്പെടുവിക്കുന്ന ഇത്തരം ഉത്തരവുകൾ ഭരണാധികാരികളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാര പരിധിക്കുള്ളിൽ ആണോ എന്നുള്ളത് പരിശോധിക്കുകയും നിയമസഭയെ അറിയിക്കുകയും ചെയ്യുകയാണ് നിയമസഭ സബോർഡിനേറ്റ് ലെജിസ്ലേറ്റീവ് കമ്മിറ്റി ചെയ്യുന്നത്. ഇതിനായി കേരള സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ ഗൗരവമായി വീക്ഷിക്കേണ്ടതും ആയത് പാലിച്ച് മാത്രമാണ് ടി ഉത്തരവുകൾ പുറപ്പെടുവിക്കുന്നതെന്ന്, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്.

7. ഓരോ താലൂക്ക് ഭരണ വിഭാഗം ആഫീസർമാരും ഭരണസമിതി അല്ലെങ്കിൽ വകുപ്പ് 32,33 എന്നിവ പ്രകാരം നിയമിച്ച അഡ്മിനിസ്ട്രേറ്റർ / അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ സംബന്ധിച്ച ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതിൽ ഓരോ സംഘത്തെയും കുറിച്ചുള്ള വിശദവിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും (മാതൃക ഉള്ളടക്കം ചെയ്യുന്നു), ടി രജിസ്റ്റർ ജില്ലാതലത്തിൽ റീജിയണൽ മീറ്റിംഗിൽ അഡീഷണൽ രജിസ്ട്രാർമാർ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അവലോകനം ചെയ്യേണ്ടതും, ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. സംസ്ഥാനതലത്തിലുള്ള സംഘങ്ങളുടെ രജിസ്റ്റർ എല്ലാമാസവും ആദ്യത്തെ പ്രവർത്തിദിവസം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. കാലാവധി ദീർഘിപ്പിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ടി മാതൃക പ്രകാരമുള്ള മറ്റ് വിവരങ്ങളും കൂടി സമർപ്പിക്കേണ്ടതാണ്.

8. അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ അഭിപ്രായത്തിൽ അല്ലെങ്കിൽ വകുപ്പുതല പരിശോധനയിൽ, സംഘം തെരഞ്ഞെടുപ്പ് നടത്തി തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിക്ക് ഭരണ ചുമതല കൈമാറിയാലും അതിനെ പുനരുജ്ജീവിപ്പിക്കാനുള്ള സാധ്യതയില്ല എന്ന് ബോധ്യപ്പെടുന്നപക്ഷം സംഘം ലിക്വിഡേറ്റ് ചെയ്യാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണം. ടി

നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

9. **<u>അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ചുമതലകൾ</u>**

a. 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിട്ടതിന് ശേഷം നിയോഗിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തങ്ങളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും ഏറ്റവും ഗൗരവത്തോടെ കാണേണ്ടതാണ്.

b. ഇപ്രകാരം നിയമിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഇലക്ഷൻ നടത്തി ഭരണചുമതല കൈമാറുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതാണ്.

c. വകുപ്പ് 32 പ്രകാരം ഭരണസമിതി അംഗങ്ങളെ പിരിച്ച് വിട്ട സംഘങ്ങളിൽ ചാർജ്ജെടുക്കുന്ന ഉദ്യോഗസ്ഥന്മാർ പിരിച്ചുവിടൽ ഉത്തരവിൽ ചൂണ്ടികാണിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ച് നടപടികൾ സ്വീകരിച്ചതിന്റെ റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതിയ്ക്കകം ബന്ധപ്പെട്ട മേലുദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്.

d. അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ എല്ലാ നടപടികളും സംഘത്തിന്റെ താല്പര്യത്തിന് അനുകൂലമായിരിക്കണം. ഫണ്ടുകളുടെ വിനിയോഗത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുകയും അനാവശ്യ ചെലവുകൾ ഒഴിവാക്കുകയും ചെയ്യുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്. ദീർഘകാല പ്രതിഫലനമുള്ളതും, സംഘത്തിന്റെ ധനകാര്യ സ്ഥിതിയിൽ ബാധകമായ പ്രധാനപ്പെട്ട നയപരമായ തീരുമാനങ്ങൾ എടുക്കേണ്ട വിഷയത്തിൽ നടപടി സ്വീകരിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട മേലുദ്യോഗസ്ഥരുമായി ചർച്ച ചെയ്യണം. സംഘം താല്പര്യത്തിനെതിരായി പ്രവർത്തിക്കുവാൻ പാടില്ലാത്തതും, ഭരണ സമിതിയിൽ നിക്ഷിപ്തമായ അധികാരങ്ങൾ പ്രത്യേകിച്ചും ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കൽ, ജീവനക്കാരുടെ നിയമനം തൻചെലവ് വർദ്ധിപ്പിക്കുന്ന കാര്യങ്ങൾ എന്നിവ ചെയ്യുവാൻ പാടില്ലാത്തതാണ്. ഭരണസമിതിയിൽ നിക്ഷിപ്തമായ എല്ലാ അധികാരങ്ങളും, പുതിയ അംഗങ്ങളെ ചേർക്കുന്നതുൾപ്പെടെ ഉണ്ടായിരിക്കുന്നതുമാണ്. എന്നാൽ ടി കാലയളവിൽ അംഗത്വം നൽകുന്നവർക്ക്

അടുത്ത അധികാരത്തിൽ വരുന്ന ഭരണസമിതി അംഗീകാരം നൽകാത്തിടത്തോളം വോട്ടവകാശം ഉൾപ്പെടെ ഒരു അംഗമെന്ന നിലയിലുള്ള അവകാശങ്ങൾ ഉണ്ടായിരിക്കുന്നതല്ല.

10. **<u>അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ പ്രതിഫലം</u>**

a. കേരള സഹകരണ നിയമത്തിലെ വകുപ്പ് 32, 33 പ്രകാരം നിയമിച്ച അഡ്മിനിസ്ട്രേറ്റർമാർക്ക് പ്രതിഫലം നിശ്ചയിക്കുന്നതിന് ടി ഉദ്യോഗസ്ഥന്റെ അടിസ്ഥാന ശമ്പളത്തിന്റെ 10 ശതമാനമായി (10%) ക്ലിപ്തപ്പെടുത്തേണ്ടതും, ബന്ധപ്പെട്ട സംഘത്തിന്റെ സാമ്പത്തിക സ്ഥിതിയും ഇടപാടുകളുടെ വ്യാപ്തിയും അനുസരിച്ച് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ച് നൽകേണ്ടതും ആയതിനുള്ള അപേക്ഷ ജോയിന്റ് രജിസ്ട്രാരുടെ വ്യക്തമായ ശുപാർശയോടൊപ്പം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്. ടി ശുപാർശയോടൊപ്പം അഡ്മിനിസ്ട്രേറ്ററെ നിയമിച്ച ഉത്തരവിന്റെ പകർപ്പും വിശദവിവരങ്ങളും ഉൾപ്പെടുത്തിയിരിക്കണം.

b. ടി പ്രതിഫലം ആറു മാസത്തിലൊരിക്കൽ അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി പൂർത്തിയായതിന് ശേഷം ഏതാണോ ആദ്യം വരുന്നത് അതിനനുസരിച്ചായിരിക്കണം നൽകേണ്ടത്.

c. പ്രതിഫലം അനുവദിക്കുന്നതിന് മുമ്പ്, അഡ്മിനിസ്ട്രേറ്റർ നിർവഹിച്ച താഴെ പറയുന്ന ജോലികൾ സംബന്ധിച്ച് ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ഓഫീസർമാർ അവലോകനം നടത്തേണ്ടതാണ്.

   i. കുടിശ്ശിക പിരിവിനായി അഡ്മിനിസ്ട്രേറ്റർ സ്വീകരിച്ച നടപടികൾ.
   ii. ദീർഘകാലമായി സസ്പെൻസ് അക്കൗണ്ടുകളിൽ ഈടാക്കുവാൻ ബാക്കിയുള്ള മുതലുകൾ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ.
   iii. ഓഡിറ്റ്, ഇൻസ്പെക്ഷൻ, സൂപ്പർസെഷൻ നോട്ടീസ് മുതലായവയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളവയിലെ ന്യൂനത പരിഹരണം.
   iv. അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലയളവിൽ പൊതുവായി കൈവരിച്ച പുരോഗതിയും സാമ്പത്തിക നേട്ടവും.
   v. ബിസിനസ്സ് ടേൺ ഓവർ, അംഗത്വ വർദ്ധനവ്, ഷെയർ ക്യാപിറ്റൽ വർദ്ധനവ്, ഡെപ്പോസിറ്റ് വർദ്ധനവ് എന്നിവ.

d. ഇപ്രകാരം പ്രതിഫലം നൽകുന്നതിൽ നിന്നും ചുവടെ ചേർക്കുന്നതരം സംഘങ്ങൾക്ക് സൗജന്യം അനുവദിക്കാവുന്നതാണ്.

I.	പട്ടിക ജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ	0%
II.	ഓഡിറ്റ് ക്ലാസിഫിക്കേഷൻ 'ഡി' യിൽ വരുന്നവ	0%
III.	പ്രവർത്തന മൂലധനം 100000/- രൂപയിൽ അധികരിക്കാത്ത സംഘങ്ങൾ	0%
IV.	ഓഡിറ്റ് ഫീസ് 5000-ത്തിനു താഴെ അടയ്ക്കുന്ന സംഘങ്ങൾ	5%
V.	5000-10000 വരെ ഓഡിറ്റ് ഫീസ് അടയ്ക്കുന്ന സംഘങ്ങൾ	7%
VI.	10000-രൂപയോ അതിന് മുകളിലോ ഓഡിറ്റ് ഫീസ് അടയ്ക്കുന്ന സംഘങ്ങൾ	10%
VII.	ഒരേ ഓഫീസർ ഒന്നിലധികം സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിക്കുന്നുവെങ്കിൽ, ടി സംഘങ്ങൾ	10%

മേൽ പട്ടികയിൽ (i) മുതൽ (iii) വരെയുള്ള സംഘങ്ങളിലെ അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് രജിസ്ട്രാറുടെ മുൻകൂർ അനുവാദത്തോടെ പ്രതിഫലം നൽകാവുന്നതാണ്.

e. പ്രതിഫലം നൽകുന്നതിനുള്ള കാലയളവ് കണക്കാക്കുന്നതിന്, 15 ദിവസവും അതിലധികവും ഒരു മാസമായി കണക്കാക്കാവുന്നതും; 15 ദിവസം പൂർത്തിയായിട്ടില്ലെങ്കിൽ ആയത് ഒഴിവാക്കുകയും വേണം.

f. സഹകരണ സംഘങ്ങളിൽ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർമാരായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക്, സംഘത്തിന്റെ താല്പര്യാർത്ഥം യാത്ര ചെയ്യേണ്ടി വരുമ്പോൾ ആയതിനുള്ള യാത്രാ ബത്തയും ഡി.എ യും അനുവദിക്കുന്നതിന് കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം II, 07/07/1992 തീയതിയിലെ സർക്കാർ ഉത്തരവ് G.O.(p) No.448/92/Fin പ്രകാരം നിശ്ചയിച്ച് ആയതിനുള്ള അപേക്ഷ നിയന്ത്രണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സംഘത്തിന് സമർപ്പിക്കേണ്ടതുമാണ്.

g. അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണ നിർവ്വഹണം നടത്തുന്ന സംഘങ്ങളിൽ കുറഞ്ഞത് ആറു മാസത്തിൽ ഒരിക്കൽ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ പരിശോധന നടത്തേണ്ടതും ആവശ്യമെങ്കിൽ പ്രതിഫലം പുന:നിർണ്ണയിക്കേണ്ടതുമാണ്.

11. **<u>ഇലക്ഷൻ</u>**

നിലവിലുള്ള ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്നതിനും 60 ദിവസങ്ങൾക്കു മുൻപായി ഭരണ സമിതി തിരഞ്ഞെടുപ്പിനു വേണ്ട തീരുമാനം എടുക്കണം. ഈ തീരുമാനത്തിൽ കമ്മിറ്റിയുടെ കാലാവധി അവസാനിക്കുന്ന തീയതി, പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്താൻ നിശ്ചയിച്ച തീയതി, സമയം, തെരഞ്ഞെടുപ്പ് സ്ഥലം എന്നീ കാര്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ഇപ്രകാരം തീരുമാനമെടുത്ത് ഒരാഴ്ച്ചയ്ക്കുള്ളിൽ തീരുമാനത്തിന്റെ പകർപ്പ് രജിസ്റ്റേർഡ് തപാൽ മുഖേനയോ, നേരിട്ടോ കേരള സംസ്ഥാന സഹകരണ ഇലക്ഷൻ കമ്മീഷണർക്ക് സമർപ്പിക്കണം.

ഈ സർക്കുലർ പ്രാബല്യത്തിൽ വരുന്നതോടൊപ്പം സൂചനകൾ 1 മുതൽ 24 വരെയുള്ള സർക്കുലറുകളിലെ നിർദ്ദേശങ്ങൾ റദ്ദാക്കപ്പെട്ടതായി കണക്കാക്കേണ്ടതാണ്.

(ഒപ്പ്)
ഡോ.ഡി. സജിത്ത് ബാബു ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2. സഹകരണ ആഡിറ്റ് ഡയറക്ടർ
3. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും, ജോയിന്റ് രജിസ്ട്രാർമാർക്കും, ഡെപ്യൂട്ടി രജിസ്ട്രാർമാർക്കും, അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും
4. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ലോ ആഫീസർ, ഫിനാൻസ് ആഫീസർ
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
6. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും

(ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)

7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും

(ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)

8. സ്റ്റോക്ക് ഫയൽ
9. സഹകരണ വീഥി
10. വെബ് സൈറ്റ്
11. പ്രസിദ്ധീകരണത്തിന് (പബ്ലിക്ക് റിലേഷൻസ് ആഫീസർക്ക്)
12. സ്പെയർ

ആജ്ഞാനുസരണം

Singed by Sasikala S

Date: 19-08-2025 17:50:36

അസ്സിസ്റ്റന്റ് രജിസ്ട്രാർ(എം.റ്റി)

അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രജിസ്റ്റർ (മാതൃക)

ക്രമ നമ്പർ	സംഘത്തിന്റെ പേര്	രജിസ്ട്രേഷൻ നമ്പർ/ UID	നാളിതുവരെയുള്ള അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിയമന ഉത്തരവ് നമ്പർ, തീയതി	ചാർജ് എടുത്ത തീയതി	ചാർജ്ജ് എടുത്ത് 4 മാസം/ 10 മാസം പൂർത്തിയാകുന്ന തീയതി.	ടി സംഘത്തിൽ അവസാനമായി തെരഞ്ഞെടുപ്പ് നടന്ന തീയതി	ഇലക്ഷൻ നടത്തുന്നതിന് ശുപാർശ നൽകിയ തീയതി. (4 മാസം/ 10 മാസം മുൻപ്)	വകുപ്പ് 101 പ്രകാരം കാലാവധി ദീർഘിപ്പിച്ചതിന്റെ ഉത്തരവ്, തീയതി	നിലവിലുള്ള അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗങ്ങളുടെ പേരും, മേൽ വിലാസവും, തസ്തികയും	സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഒപ്പ്	
1	2	3	4	5	6	7	8	9	10	11	
										1-7 വരെ സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	
										8 സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	
										9 സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	
										10 സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ	